റീ-ഓപ്ഷൻ നൽകുവാൻ അനുമതി

32 [1749] ശ്രീ. സി. മോയിൻകുട്ടി :

,, പി. കെ. കെ. ബാവ :

,, യു. സി. രാമൻ :

,, പി. കെ. അബ്ദുറബ്ബ് :

,, കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ ശമ്പള പരിഷ്കരണത്തിന്റെ അടിസ്ഥാനത്തിൽ റീ-ഓപ്ഷൻ നൽകുവാൻ അനുവദിക്കുമോ ;

(ബി) റീ-ഓപ്ഷൻ നൽകുവാൻ കോടതിവിധികളെന്തെങ്കിലുമുണ്ടോ ;

(സി) കോടതി വിധികളനുസരിച്ചും അല്ലാതെയും കഴിഞ്ഞ രണ്ടര വർഷത്തിനിടയിൽ എത്രപേർക്ക് റീ-ഓപ്ഷന് അവസരം നൽകി ;

(ഡി) കോടതി വിധികളുടെയും ഏതെങ്കിലും ഉത്തരവിന്റെയും പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ ;

(ഇ) റീ-ഓപ്ഷൻ അനുവദിച്ച് പൊതു ഉത്തരവ് പുറപ്പെടുവിക്കുവാൻ നടപടിയുണ്ടാകുമോ ?

ഉത്തരം

(എ) 25-11-1998-ൽ പുറപ്പെടുവിച്ച ജി. ഒ. (പി)3000/98/ധന. പ്രകാരമുള്ള ശമ്പള പരിഷ്കരണത്തിന് ഉത്തരവിന്റെ തീയതിമുതൽ ആറുമാസത്തിനകം ഓപ്ഷൻ നൽകാൻ സർക്കാർ അനുമതി നൽകിയിരുന്നു. അതിനുശേഷം 28-6-1999-ലെ ജി. ഒ. (പി)1527/99/(23)/ധന. പ്രകാരം 28-6-1999 മുതൽ 27-9-1999 വരെയും 10-2-2000-ലെ ജി. ഒ. (പി) 312/2000/(58)/ധന. പ്രകാരം 10-2-2000 മുതൽ 9-5-2000 വരെയും രണ്ടുപ്രാവശ്യം റീ-ഓപ്ഷൻ നൽകാനുള്ള അവസരം നൽകിയിരുന്നു. റീ-ഓപ്ഷൻ നൽകാൻ നിലവിൽ ഉത്തരവില്ല. എന്നാൽ 25-11-1998-ലെ ജി. ഒ. (പി) 3000/98/ധന. ഉത്തരവിലെ അനക്സർ III-ലെ 15-ാം ഖണ്ഡികയിലെ വ്യവസ്ഥകളനുസരിച്ച് കോടതിവിധികളുടെയോ മുൻകാല പ്രാബല്യത്തിലുള്ള റഗുലർ പ്രൊമോഷന്റെയോ കേസുകളിൽ മാത്രമേ റീ-ഓപ്ഷൻ ഇപ്പോൾ അനുവദിക്കാറുള്ളൂ.

(ബി) റീ-ഓപ്ഷൻ നൽകാൻ പൊതുവായ കോടതി വിധിയൊന്നും ഇല്ല.

(സി) കഴിഞ്ഞ രണ്ടര വർഷത്തിനിടയിൽ കോടതിവിധി അനുസരിച്ചോ അല്ലാതെയോ ആർക്കും റീ-ഓപ്ഷൻ നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly